(സി) 11-1-2006-ൽ 82, ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ മലയാളം ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

(ഡി) ഇനി ഒഴിവുകൾ ഇല്ല.

ഹയർ സെക്കണ്ടറി സ്കൂളുകളിലെ ഗസ്റ്റ് അദ്ധ്യാപകർക്ക് ശമ്പളം നൽകാൻ നടപടി

11 [308] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ ഗസ്റ്റ് അദ്ധ്യാപകരായി നിയമനം ലഭിച്ചവർക്ക് ശമ്പളം ലഭിക്കാത്തതിന്റെ ഫലമായി ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗവൺമെന്റ് വിദ്യാലയങ്ങളിലെ പി.ടി.എ.യ്ക്ക് ഭാരിച്ച സംഖ്യ മാസംതോറും ശമ്പളം കൊടുക്കാൻ സാധിക്കാതെ വരുന്നതുകൊണ്ട് പരീക്ഷ അടുത്ത അവസരങ്ങളിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ അടിയന്തിരമായി അവർക്ക് ശമ്പളം നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്ത് ഇത്തരത്തിൽ ശമ്പളം ലഭിക്കാൻ എത്ര അദ്ധ്യാപകരുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഗസ്റ്റ് ലക്ചറർമാരായി നിയമിക്കപ്പെടുന്നവർക്ക് ശമ്പളം നൽകുന്ന കാര്യത്തിൽ തടസ്സമൊന്നുമില്ല.

(ബി & സി) 20-7-2004 തീയതിയിലെ ജി.ഒ.(എംഎസ്.) നമ്പർ 227/04/പൊ.വി.വ. പ്രകാരം സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യതയില്ലാതെ അഡീഷണൽ ബാച്ചുകൾ അനുവദിച്ച ചില സ്കൂളുകളിൽ പി.ടി.എ. മുഖാന്തിരം ഗസ്റ്റ് അദ്ധ്യാപകർക്ക് ശമ്പളം നൽകുന്നുണ്ട്. ഇവർക്ക് സർക്കാരിൽ നിന്നും ശമ്പളം നൽകാനുള്ള ഒരു നിർദ്ദേശവും പരിഗണനയിലില്ല.

യൂണിറ്റി മാനേജ്മെന്റിന്റെ കീഴിലുള്ള കോളേജുകളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കാൻ നടപടി

12 [309] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യൂണിറ്റി മാനേജ്മെന്റിന്റെ കീഴിലുള്ള പ്രീഡിഗ്രി കോഴ്സ് ഒരിക്കലും നടത്താത്ത ഡിഗ്രി കോളേജുകളിലെ എയിഡഡ് കോഴ്സുകളിൽ വർക്ക്ലോഡ് പ്രകാരമുള്ള പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രീഡിഗ്രി ഇല്ലാതെ തുടങ്ങിയ മഞ്ചേരി യൂണിറ്റി കോളേജിൽ പുതിയ തസ്തികകൾ സൃഷ്ടിക്കാൻ അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ടീച്ചിംഗ് സ്റ്റാഫ് എത്ര; നോൺ ടീച്ചിംഗ് സ്റ്റാഫ് എത്രയെന്നു പറയാമോ;

(സി) ഈ അപേക്ഷകളിന്മേലുള്ള നിയമനത്തിന് സർക്കാർ അനുവാദം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) ഈ അപേക്ഷകളിന്മേൽ എപ്പോൾ സർക്കാർ അനുമതി നൽകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) യൂണിറ്റി മാനേജ്മെന്റിന്റെ കീഴിലുള്ള മഞ്ചേരി യൂണിറ്റി വിമൻസ് കോളേജിൽ എയിഡഡ് കോഴ്സുകളിലെ വർക്ക്ലോഡ് പ്രകാരം അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനും അവയിൽ നിയമനം നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മാത്രമല്ല യൂണിറ്റി വിമൻസ് കോളേജിലെ എയിഡഡ് കോഴ്സുകളുടെയും വിദ്യാർത്ഥികളുടെ എണ്ണത്തിന്റേയും അടിസ്ഥാനത്തിൽ ഏഴ് പുതിയ അനദ്ധ്യാപക തസ്തികകൾ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അനുവദിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

ടീച്ചിംഗ് സ്റ്റാഫ്	-	5
നോൺ ടീച്ചിംഗ് സ്റ്റാഫ് (ടെക്നിക്കൽ അസിസ്റ്റന്റ്)	-	1

(സി & ഡി) ഇല്ല. അപേക്ഷകൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തിയാകാനുള്ളതുകൊണ്ട് അനുവാദം നൽകിയിട്ടില്ല. നടപടിക്രമങ്ങൾ പൂർത്തിയാകുന്നമുറയ്ക്ക് അനുമതി നൽകുന്നതാണ്.

കല്ല്യാശ്ശേരി മോഡൽ പോളിടെക്നിക്കൽ സീറ്റുകൾ വർദ്ധിപ്പിക്കാൻ നടപടി

13 [310] ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മോഡൽ പോളിടെക്നിക്കിൽ സീറ്റുകൾ വർദ്ധിപ്പിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സർക്കാർ ഇക്കാര്യം പരിഗണിക്കുന്നുണ്ടോ;

(സി) ഇക്കാര്യത്തിൽ സർക്കാർ കൈക്കൊണ്ട നടപടികൾ വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly